പിണറായി വിജയൻ
മുഖ്യമന്ത്രി

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

Ad | PID | Acad | DSS
KANNUR UNIVERSITY
27 JUN 2017
10357
24/6/17

VICE CHANCELLOR'S OFFICE
KANNUR UNIVERSITY
684
24/6/17

കേരള സർക്കാർ

നം.817/പ്രസ്/സി.എം.ഒ/17

ജൂൺ 24, 2017

പ്രിയ സുഹൃത്തേ,

പനിയും മറ്റു പകർച്ചവ്യാധികളും തടയുന്നതിനും രോഗം നിയന്ത്രണ വിധേയമാക്കുന്നതിനും ജനങ്ങൾ ഒറ്റമനസ്സോടെ നീങ്ങേണ്ട സാഹചര്യമാണുള്ളത്. ജനങ്ങളെ ശുചീകരണ യജ്ഞത്തിൽ പങ്കാളികളാക്കുന്നതിനും രോഗം ബാധിച്ച് എത്തുന്നവർക്ക് അടിയന്തരവും ഫലപ്രദവുമായ ചികിത്സ ലഭ്യമാക്കുന്നതിനും സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ മനസ്സിലാക്കിയിട്ടുണ്ടാവുമല്ലോ.

പകർച്ചവ്യാധികൾ ഇല്ലാതാക്കുന്നതിന് മരുന്നിനേക്കാൾ പ്രധാനം രോഗം പരത്തുന്ന സാഹചര്യം ഒഴിവാക്കുക എന്നതു തന്നെയാണ്. അത് കണക്കിലെടുത്താണ് ജനപങ്കാളിത്തത്തോടെ ഊർജിത ശുചീകരണ പരിപാടിക്ക് സർക്കാർ മുൻകയ്യെടുക്കുന്നത്. ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാനമാകെ ശുചീകരണ യജ്ഞം നടക്കുകയാണ്. ഈ പരിപാടിയിൽ താങ്കളുടെ വിദ്യാലയത്തിലെ എൻഎസ്എസ് / എൻസിസി / സ്കൗട്ട്സ് /ഗൈഡ്സ് / സ്റ്റുഡന്റ് പൊലീസ് കാഡറ്റ് എന്നീ വിഭാഗങ്ങളെ പ്രത്യേകമായും വിദ്യാർഥികളെയാകെ പൊതുവിലും പങ്കാളികളാക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. വിദ്യാർഥികളെ അണിനിരത്തുന്നതുകൊണ്ട് മുഴുവൻ അധ്യാപകരെയും ഈ പരിപാടിയിൽ പങ്കാളികളാക്കുകയും വിദ്യാർഥികൾക്ക് വേണ്ട മാർഗനിർദേശം നൽകുകയും വേണം. വിദ്യാലയ പരിസരത്തെ ശുചീകരണത്തോടൊപ്പം വിദ്യാലയം പ്രവർത്തിക്കുന്ന പ്രദേശത്തെ പരിപാടികളിലും വിദ്യാർഥികളെ പങ്കാളികളാക്കണം. വിദ്യാർഥികളിലൂടെ സമൂഹത്തിന് നല്ലൊരു സന്ദേശം നൽകാൻ കഴിയും.

പനി തടയാൻ സമൂഹത്തിന്റെ കരുതലാണ് പ്രധാനം. പനി വരാനുള്ള സാധ്യതകളെക്കുറിച്ച് ഓരോ പൗരനും അറിഞ്ഞിരിക്കണം. വ്യക്തി ശുചിത്വം മാത്രം പോര. വീടും വിദ്യാലയവും ഓഫീസും പരിസരവും പൊതുസ്ഥലവുമെല്ലാം വൃത്തിയായിരിക്കണം. ഇപ്പോൾ ബാധിക്കുന്ന പകർച്ചപ്പനികളുടെ തീവ്രത ഉടൻ കുറയുമെങ്കിലും പരിസര ശുചീകരണത്തിന് എല്ലാവരും ജാഗ്രത പാലിക്കണം. ചുറ്റുപാടും ഒരു തുള്ളി വെള്ളം പോലും കെട്ടിനിൽക്കുന്ന സാഹചര്യം ഉണ്ടാകരുത്. ഇത്തരം കാര്യങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങൾക്ക് കഴിയും. ശുചീകരണ പരിപാടി വൻ വിജയമാക്കുന്നതിനുള്ള സഹകരണവും പങ്കാളിത്തവും ഒരിക്കൽ കൂടി അഭ്യർഥിക്കുന്നു.

എല്ലാ പ്രിൻസിപ്പാൾമാർക്കും

പിണറായി വിജയൻ

R
To issue circular to all the Affiliated College Principals with in 2 days
24/6/17
Vice-Chancellor

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in